# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1992** **22.03.2012 ൽ മറുപടിക്ക്**

## *കുട്ടനാട്ടിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രത്യേക പാക്കേജ്*

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി | ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ. കെ.എം. മാണി. |

| | | |
|---|---|---|
| എ. | 2011-12 വർഷത്തിൽ എം.എൽ.എ സ്കീമിൽ ഉൾപ്പെടുത്തി സമർപ്പിച്ച പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവൃത്തികൾക്ക് സാമ്പത്തിക അനുമതി ലഭ്യമാക്കുമോ; | എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി വിനിയോഗിച്ച് നടത്തുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് മണ്ഡലം ഉൾക്കൊള്ളുന്ന ജില്ലയിലെ ജില്ലാ കളക്ടറാണ്. 2011-12-ലെ എം.എൽ.എ പ്രത്യേക നിധിയിലേക്ക് വകയിരുത്തിയ മുഴുവൻ തുകയും സർക്കാർ റിലീസ് ചെയ്തു കഴിഞ്ഞു. എം.എൽ.എ മാർ നിർദ്ദേശിക്കുന്ന പ്രവൃത്തികളുടെ സാധ്യതാ പഠനം നടത്തി, പദ്ധതിയുടെ മാർഗ്ഗ രേഖകൾക്കനുസൃതമായി പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ ജില്ലാ കളക്ടർമാർക്ക് അധികാരമുണ്ട്. |
| ബി. | ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പദ്ധതി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | 24.02.2012-ലെ (പി)134/2012/ധന. ഉത്തരവ് പ്രകാരം മണ്ഡലങ്ങളിലെ റോഡുകളുടെ നിലവാരമുയർത്തുന്ന പ്രവൃത്തികൾക്കായി ഓരോ എം.എൽ.എക്കും പ്രത്യേക വികസന നിധിയുടെ 15%-ൽ കവിയാത്ത സംഖ്യ വിനിയോഗിക്കാവുന്നതാണ്. എന്നാൽ റോഡുകളുടെ നിസ്സാര അറ്റകുറ്റപണികൾക്ക് വേണ്ടി തുക വിനിയോഗിക്കുവാൻ അനുവാദമില്ല. |
| സി. | കുട്ടനാട്ടിലെ പാലങ്ങളും റോഡുകളും നിർമ്മാണം പൂർത്തികരിക്കുന്നതിന് പ്രത്യേക പാക്കേജ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയുടെ വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖക്കനുസൃതമായ പ്രവൃത്തികൾ നടപ്പിലാക്കുവാൻ എം.എൽ.എ മാർക്ക് തന്നെ നിർദ്ദേശിക്കാവുന്നതാണ്. |

അക്കൗണ്ട്സ് ഓഫീസർ